## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
## കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം - പായിപ്പാട് ഗ്രാമ പഞ്ചായത്ത് ആരാധനാലയം (അസംബ്ലി ഗ്രൂപ്പ്) കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: സെക്രട്ടറി, പായിപ്പാട് മുസ്ലിം പുത്തൻപള്ളി, പള്ളിക്കച്ചിറ, പായിപ്പാട് - ന്റെ 07.12.2018 ലെ അപേക്ഷ.

=====================================================================

**ഉത്തരവ് നമ്പർ C/1906/18/D.Dis, തീയതി : 07.01.2019**

=====================================================================

കോട്ടയം ജില്ലയിലെ, പായിപ്പാട് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പായിപ്പാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 7 ൽ റീ സർവ്വെ നമ്പർ 483/4, 483/6 എന്നിവയിൽ പെട്ട 7020 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 315.05 ച. മീറ്റർ വിസ്തീർണ്ണത്തിൽ കെട്ടിടങ്ങൾ നിലവിലുള്ള പ്ലോട്ടിൽ 3957.55 ച.മീറ്റർ വിസ്തീർണ്ണമുള്ള ആരാധനാലയവും 62.60 ച.മീറ്റർ വിസ്തീർണ്ണമുള്ള ടോയ്‌ലറ്റും നിർമ്മിക്കുന്നതിന് KPBR-11ലെ ചട്ടങ്ങൾക്കും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. KPBR-2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.

2. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

4. നിർദ്ദിഷ്ട വസ്തു പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.

5. ചട്ടം 7(8A) പ്രകാരം ബഹു: ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണ്.

6. ചട്ടം 57(8) പ്രകാരം ആവശ്യമായ അഗ്നി സുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.

7. ചട്ടം 57(10) പ്രകാരം അഗ്നി സുരക്ഷ സംബന്ധിച്ച എല്ലാ ആവശ്യകതയും NBC-2005 ന് അനുസൃതമായിരിക്കണം.

8. ചട്ടം 57(9) പ്രകാരം കെട്ടിടത്തിലെ വെന്റിലേഷൻ നിലവാരം NBC-1983 ന് അനുസൃതമായിരിക്കണം.

9. ചട്ടം 57 പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം.

10. ചട്ടം 57 പ്രകാരം liquid waste treatment management plant ഉണ്ടായിരിക്കണം.

11. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

12. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

13. ചട്ടപകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.

14. KPBR-2011, നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

15. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-2011 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി ക്രമവൽക്കരണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ടി വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയതിനു ശേഷം ക്രമവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

അംഗീകരിച്ച സൈറ്റ് പ്ലാൻ 2/19/KTM ഉള്ളടക്കം ചെയ്യുന്നു.

സുജ മത്തായി
ടൗൺ പ്ലാനർ

OFFICE OF THE TOWN PLANNER
PIN - 686 001
PH: 2584160
KOTTAYAM

പകർപ്പ് : സെക്രട്ടറി
പായിപ്പാട് ഗ്രാമ പഞ്ചായത്ത്

സെക്രട്ടറി (പ്ലാൻ 1 സെറ്റ് സഹിതം)
പായിപ്പാട് മുസ്ലിം പുത്തൻപള്ളി
പള്ളിക്കച്ചിറ
പായിപ്പാട്

MD/08.01.19